# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 953** **04.03.2020-ൽ മറുപടിയ്ക്ക്**

## എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) മതിയായ ജീവനക്കാരും അനുബന്ധ സംവിധാനങ്ങളുമില്ലാതെ എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) രണ്ട് വർഷത്തിലധികം സർവ്വീസുള്ള ഉദ്യോഗസ്ഥനെ ക്രൈംബ്രാഞ്ചിന്റെ തലപ്പത്ത് നിയമിക്കണമെന്ന ചട്ടം നിലനിൽക്കേ വിരമിക്കാൻ രണ്ടുമാസം മാത്രം കാലാവധി ഉണ്ടായിരുന്ന ഉദ്യോഗസ്ഥരെ നിയമിച്ച് ആദ്യം തന്നെ ചട്ടം ലംഘിക്കുക ഉണ്ടായോ, വിശദാംശംങ്ങൾ നൽകുമോ; | (ബി) ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കേസെടുത്ത ഉദ്യോഗസ്ഥർ തന്നെ അന്വേഷണവും നടത്തരുതെന്ന സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ രൂപം നൽകിയതാണോ ഈ ക്രൈംബ്രാഞ്ച് വിഭാഗമെന്ന് അറിയിക്കുമോ; | (സി) അതെ. |
| (ഡി) എങ്കിൽ ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ | (ഡി) എക്സൈസ് ക്രൈംബ്രാഞ്ച് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് |

| | |
|---|---|
| നടപടികൾ കൈക്കൊള്ളും; വിശദാംശം നൽകുമോ? | ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും നിലവിൽ പ്രസ്തുത വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**